The motion was, with leave, withdrawn.

Demand No. V—Excise—Rs. 2,950.

Motion No. 36.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 2,950 for (a) Preventive Force by Rs. 864.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പിന്നെ cut No. 36 കൊടുങ്ങല്ലൂർ യാതൊരു ജോലിയും ചെയ്യാത്ത എക്സൈസ് അമീനദാക്ക് രൂപായിമാക്ക് അവിടെനിന്നു രമ്പളം കൊടുപ്പിക്കുന്നതു് വലിയ അനീതിയാണു്. അതു സ്റ്റേറിൽ നിന്നുതന്നെ കൊടുക്കേണ്ടതാണു്.

മിസ്റ്റർ സി. വി. ആൻറണി.—അതു ആലോചിക്കാമെന്നല്ലെ ദിവാൻ പറയുന്നതു്?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—എന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞാട്ടെണ്ടു്.

മിസ്റ്റർ സി. വി. ആൻറണി.—അശേഷം ജോലിചെയ്യുന്നില്ലെന്നു പറവാൻ പാടില്ല. കുറേശ്ശെ ജോലിയുണ്ടു്. പക്ഷെ അതു ക്രമത്തിലാലോചിക്കാം. ഫിനാൻസ്കമ്മിറിയുടെ റിപ്പോർട്ടിൽ ഇതൊക്കെയുണ്ടു്.

The motion was, with leave, withdrawn.

Demand No. VII—Registration—Rs. 2,066.

Motion No. 37.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 2,066 under Demand No. VII—Registration by Re. 1.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—Cut No. 37 പെൻഷ്യൻ പറ്റാറായിരിക്കുന്ന അവിടത്തെ റജിസ്ട്രാറെ അവിടെനിന്നു സ്ഥലം മാറ്റണ്ട കാര്യത്തെക്കുറിച്ചാണു്. ഇപ്പോഴത്തെ റജിസ്ട്രാർ മാക്ക് സമം വാങ്ങുന്നയാളാണു്. അയാളം അവിടെ റിട്ടയർ ചെയ്യുമ്പോൾ അവിടെ നിന്നുതന്നെ പെൻഷ്യൻ കൊടുക്കേണ്ടിവരും. ഇതു കൊടുങ്ങല്ലൂരിന്റെ സ്ഥിതിക്ക് വളരെ പരിതാപകരമായിട്ടുള്ളതാണു്. ഈ സംഗതി ഞാൻ ജനറൽ ഡിസ്കഷണിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—റജിസ്ട്രാറെ മാറ്റാൻ തരമുണ്ടൊ എന്നു നോക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലൊ.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മാക്ക് സമം രമ്പളം പറയുന്ന ഒരു ഉദ്യോഗസ്ഥനെ അവിടെ നിന്നു സ്ഥലംമാറ്റം ചെയ്യാത്തതിനെക്കുറിച്ചു ഞാൻ ഒരു ചോദ്യമയക്കുകയുണ്ടായി, അയാൾ പെൻഷ്യൻ പറ്റാറായതുകൊണ്ടാണു് സ്ഥലം മാറ്റം ചെയ്യാത്തതെന്നാണു് ഗവർമ്മെണ്ടിന്റെ മറുവടി. സ്റ്റെയിറ്റിൽനിന്നുകൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട പെൻഷ്യനും കൂടി, കൊടുങ്ങല്ലൂരിൽ നി

LIBRARY ARCHIVES Kerala Legislative Assembly

ന്ന കൊടുക്കണമെന്നാണ ഗവമ്മെണ്ടിന്റെ ഉദ്ദേശം

ഡെപ്യൂട്ടി പ്രസിഡണ്ട്.—അധികം അങ്ങിനെ കാണുന്നുണ്ടൊ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അധികം കൂടും അങ്ങിനെതന്നെ. ഹെഡ് മാസ്റ്റർ മാക്സിമം വാങ്ങുന്നാളാണെന്ന ആക്ഷേപിച്ചപ്പോൾ പെൻഷ്യൻ അടുത്തിരിക്കുന്ന മറെറാരാളെ അങ്ങോട്ടയച്ചു. അതുകൊണ്ടു ഗവമ്മെണ്ടിൽ നിന്നു ഭയവായി. അദ്ദേഹത്തെ അവിടെ നിന്നു വേഗത്തിൽ സ്ഥലം മാറ്റിയാൽ കൊള്ളാം.

മിസ്റ്റർ കെ. കൃഷ്ണപിഷാരൊടി.—ഇതുവരെ ഒരു റജിസ്ട്രാരെങ്കിലും അവിടെനിന്നു പെൻഷ്യൻ പറ്റിയിട്ടുണ്ടൊ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതു Finance മെമ്പർ തന്നെ പറഞ്ഞാൽ മതി.

മിസ്റ്റർ കെ. കൃഷ്ണപിഷാരൊടി.—ചിലപ്പോൾ അങ്ങിനെയും വരും.

രാമവമ്മ തമ്പുരാൻ.—ഒരു 3rd grade Registrar ന്റെ യാണ് അവിടെക്കയച്ചിരിക്കുന്നത്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—1st grade Registrar's pay എന്താണ്?

രാമവമ്മ തമ്പുരാൻ.—125 ഉറുപ്പിക.

Mr. A. K. Kunhi Moideen.—Cranganur Registrar's pay?

രാമവമ്മ തമ്പുരാൻ.—90 rupees. അതു നോക്കിയിട്ടാണ് ഇങ്ങിനെ ചെയ്തതു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇനി പെൻഷ്യൻ കൂടി കൊടുപ്പിക്കയില്ലെന്നു വെച്ചാൽ വളരെ നന്നായിരിക്കും.

The motion was, with leave, withdrawn.

Motion No. 38.

Mr. A. K. Kunhi Moideen.—*To reduce the total allotmet of Rs. 2,066 under Demand No. VII (Registration) by Rs. 1,000.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മോഷൻ ഞാൻ അവതരിപ്പിക്കുന്നില്ല.

Hence the motion was considered withdrawn.

Demand No. IX—General Administration—Rs. 1,390.

Motion No. 39.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 1,390 under Demand No. IX (General Administration) by Re. 1.*

LIBRARY ARCHIVES Kerala Legislative Assembly